# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 712 — 20.03.2013-ൽ മറുപടിക്ക്

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ) |
| എ) സൊസൈറ്റി ഫോർ ദി പുവർ മെഡിക്കൽ അസിസ്റ്റൻസ് പദ്ധതിയിൽ ഈ സർക്കാർ എത്ര പേർക്ക് കോഴിക്കോട് ജില്ലയിൽ സഹായം നൽകി എന്നത് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന 18.05.2011 മുതൽ 18.02.2013 വരെ കോഴിക്കോട് ജില്ലയിലെ 198 രോഗികൾക്ക് 34,10,700/- രൂപ (മുപ്പത്തിനാലു ലക്ഷത്തി പതിനായിരത്തി എഴുന്നൂറ് രൂപ മാത്രം) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ സഹായം ലഭിച്ചവരുടെ പേര് മേൽവിലാസ വിവരം സഹിതം വിശദമായ പട്ടിക ലഭ്യമാക്കാമോ; എത്ര തുക ലഭിച്ചു എന്നത് വ്യക്തമാക്കാമോ; | ബി) സംസ്ഥാനമാകെയുള്ള രോഗികൾക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്യുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിൽ ജില്ല തിരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള സാദ്ധ്യതകൾ മാത്രമേയുള്ളൂ. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുവാൻ കഴിയുന്നതല്ല. |
| സി) ഈ പദ്ധതിയിൽ സഹായത്തിന് അപേക്ഷ നൽകിയാൽ എത്ര | സി) ഫണ്ടിന്റെ ലഭ്യത, രോഗിയുടെ ചികിത്സയെ സംബന്ധിച്ച് ഡോക്ടർ നൽകുന്ന സ്ഥിരീകരണ |

| | |
|---|---|
| ദിവസത്തിനകം സഹായം ലഭ്യമാകും എന്നത് വ്യക്തമാക്കാമോ? | റിപ്പോർട്ട്, എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം പാലിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നതെന്നതിനാൽ അപേക്ഷകളുടെ ആധിക്യം ചിലപ്പോഴെല്ലാം കാലതാമസത്തിന് കാരണമാകാറുണ്ട്. അത്തരമൊരു സാഹചര്യത്തിൽ എത്ര ദിവസത്തിനകം സഹായം ലഭ്യമാകും എന്ന് കൃത്യമായി പറയാനാവില്ല. |
| ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷ എത്ര; അത് ആരുടെയെല്ലാം; ഇത് എപ്പോൾ തീർപ്പാക്കും വ്യക്തമാക്കാമോ? | ഡി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ മേൽപ്പറഞ്ഞ ചോദ്യത്തിനുത്തരം നൽകാനാവില്ല. |

സെക്ഷൻ ഓഫീസർ